# യൂണിറ്റ് : 11

# മനുഷ്യാവകാശങ്ങൾ

1. ഏതെങ്കിലും ഒരു പ്രഖ്യാപനം കൊണ്ടോ ഭരണാധികാരിയുടെ ഉത്തരവിലൂടെയോ സംജാതമായവയല്ല ലോകത്തെ മനുഷ്യാവകാശങ്ങൾ. ഫ്രഞ്ച് വിപ്ലവാശയങ്ങളുടെയും അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെയും മറ്റ് ലോക സംഭവവികാസങ്ങളുടെയും അടിസ്ഥാനത്തിൽ ഈ പ്രസ്താവനയ്ക്ക് എന്ത് തെളിവുകളാണ് നൽകാൻ കഴിയുക? 4 സ്കോർ

---

2. ജീവിക്കുവാനുള്ള അവകാശം എല്ലാ ജീവജാലങ്ങളുടെയും പ്രകൃതിദത്ത അവകാശമായി കണക്കാക്കാമെങ്കിൽ മനുഷ്യാവകാശത്തിന് ഇതിൽ നിന്നുള്ള വ്യത്യാസമെന്ത്? 2 സ്കോർ

---

3. ലോകത്ത് മനുഷ്യാവകാശങ്ങളുടെ വളർച്ച എന്ന വിഷയത്തിൽ നടക്കുന്ന സെമിനാറിലേക്ക് എന്തെല്ലാം പ്രധാന ആശയങ്ങളാണ് നിങ്ങൾ ഉൾപ്പെടുത്തുക? 3 സ്കോർ

---

4. സാർവ്വദേശീയ തലത്തിൽ മനുഷ്യാവകാശങ്ങളെ കുറിച്ച് ചിന്തിക്കാൻ ഐക്യരാഷ്ട്രസംഘടനയെ പ്രേരിപ്പിച്ച മുഖ്യ സാഹചര്യം എന്തായിരുന്നു? 2 സ്കോർ

---

5. ഐക്യരാഷ്ട്ര സംഘടനയുടെ രൂപീകരണം മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് പ്രചോദനമായി കണക്കാക്കുന്നതെന്ത് കൊണ്ട്? 2 സ്കോർ

---

6. സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ പ്രതിപാദിക്കുന്ന അവകാശങ്ങളിൽ ഏറ്റവും പ്രസക്തമെന്ന് നിങ്ങൾക്ക് തോന്നുന്ന ഏതെങ്കിലും മൂന്ന് എണ്ണമെഴുതുക? 3 സ്കോർ

---

7. വാർദ്ധക്യകാലത്തെ സംരക്ഷണം എന്തുകൊണ്ടാണ് പ്രായമായവരുടെ അവകാശമായി കണക്കാക്കുന്നത്? പ്രായമായവരുടെ അവകാശ സംരക്ഷണത്തിനായി സർക്കാരുകളോ സമൂഹമോ കൈക്കൊണ്ട ഏതെങ്കിലും ഒരു നടപടി എഴുതുക? 2 സ്കോർ

---

8. "ട്രെയിനിൽ വെച്ച് സ്ത്രീ ആക്രമണത്തിനിരയായി" സ്ത്രീകളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട് ഈ വാർത്തയെ വിശകലനം ചെയ്യുക. ഇത്തരം സാഹചര്യങ്ങളിൽ സ്ത്രീകളുടെ ഏതൊക്കെ അവകാശങ്ങളാണ് നിഷേധിക്കപ്പെടുന്നത്? 3 സ്കോർ

---

9. പ്രായമായവരുടെ അവകാശസംരക്ഷണത്തിനായി സർക്കാരുകളോ സമൂഹമോ കൈക്കൊണ്ട ഏതെങ്കിലും ഒരു നടപടി എഴുതുക? 1 സ്കോർ

---

10. മനുഷ്യാവകാശ സംരക്ഷണത്തിനായുള്ള ഔദ്യോഗിക സംവിധാനങ്ങൾ ഏതൊക്കെ? ഇത്തരം സംവിധാനങ്ങളുടെ ഇടപെടലിനൊരുദാഹരണം എഴുതുക? 2 സ്കോർ

---

11. വ്യവസായ-നഗര വികസനത്തിന്റെ ഭാഗമായി ഇന്ത്യയിൽ പലയിടത്തും നടക്കുന്ന കുടിയൊഴിപ്പിക്കലിന്റെ വാർത്തകൾ ശ്രദ്ധിച്ചിരിക്കുമല്ലോ? ഇത് ഒരു മനുഷ്യാവകാശ പ്രശ്നമായി കണക്കാക്കാൻ കഴിയുമോ? ഏതൊക്കെ അവകാശങ്ങളാണ് ഇത്തരം സന്ദർഭങ്ങളിൽ നിഷേധിക്കപ്പെടുന്നത്? നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക? 3 സ്കോർ

---

12. ഇന്ത്യൻ ഭരണഘടന ഉറപ്പ് വരുത്തുന്ന മൗലികാവകാശങ്ങളും മനുഷ്യാവകാശങ്ങളും തമ്മിലുള്ള വ്യത്യാസമെന്ത്? 2 സ്കോർ

---

13. മനുഷ്യാവകാശ സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും ഒരുദാഹരണമെഴുതുക. ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന ഒരു അന്താരാഷ്ട്ര സംഘടനയുടെ പേരെഴുതുക? 2 സ്കോർ

---

14. ഉപഭോക്തൃ തർക്ക പരിഹാരഫോറത്തിലൂടെ പരിഹരിക്കാവുന്ന ഏതെങ്കിലും ഒരു പ്രശ്നത്തിനുദാഹരണമെഴുതുക? 2 സ്കോർ

---

15. അവകാശങ്ങളും കടമകളും തമ്മിലെങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നത് ഉദാഹരണ സഹിതം വ്യക്തമാക്കുക? 2 സ്കോർ

---

16. വിദ്യാഭ്യാസ അവകാശനിയമം ഇന്ന് മൗലികാവകാശമായിരിക്കുന്നു. ഇതിലൂടെ സംരക്ഷിക്കുന്ന പ്രധാന അവകാശമെഴുതുക? വർത്തമാനകാലത്ത് ഈ നിയമത്തിനുള്ള പ്രസക്തി എന്താണ്? 2 സ്കോർ

---

17.



ചിത്രത്തിൽ ആരുടെ അവകാശങ്ങളാണ് ലംഘിക്കപ്പെടുന്നത്? ഏതെല്ലാം അവകാശങ്ങളാണ് ലംഘിക്കപ്പെടുന്നത്? ഇത് സംരക്ഷിക്കുന്നതിനായുള്ള ഏതെങ്കിലും ഒരു നിയമം എഴുതുക? 3സ്കോർ

---

18. സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന ഒരു നിയമമായാണ് ഗാർഹിക പീഡന നിരോധന നിയമം നിലവിൽ വന്നത്. സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇത് സഹായകരമാണോ? എങ്ങനെ? നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതുക? 3 സ്കോർ

---

19. കുടുംബത്തിന്റെയും സമൂഹത്തിന്റെയും സമീപനങ്ങൾ നമ്മുടെ നാട്ടിൽ സ്ത്രീവിവേചനത്തിന് ഇടയാക്കുന്നുണ്ടോ? നിങ്ങളുടെ നിരീക്ഷണമെഴുതുക? 2 സ്കോർ

---

20. ഫാക്ടറിയിൽ നിന്നുള്ള മാലിന്യ ചോർച്ച ഗ്രാമത്തിലെ കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കി - വാർത്ത - മുകളിൽ കൊടുത്ത വാർത്തയ്ക്ക് മനുഷ്യാവകാശങ്ങളുമായി ബന്ധമുണ്ടോ? പ്രദേശത്തെ ജനങ്ങളുടെ എന്തെല്ലാം അവകാശങ്ങളാണ് ഇവിടെ നിഷേധിക്കപ്പെടുന്നത്? 2 സ്കോർ

---

21. ലോകരാജ്യങ്ങളിൽ ഭരണകൂടങ്ങളുടെ നയങ്ങൾക്കെതിരെ പലപ്പോഴും പ്രക്ഷോഭങ്ങൾ നടക്കാറുണ്ട്. അവയ്ക്കെതിരെ അടിച്ചമർത്തലുകളും. മനുഷ്യാവകാശ സംഘടനകൾ ഇവയെ മനുഷ്യാവകാശലംഘനങ്ങളായി കരുതുന്നതെന്തുകൊണ്ട്? നിങ്ങളുടെ വിലയിരുത്തലുകളെഴുതുക? 3 സ്കോർ

---

22. "എല്ലാ മനുഷ്യരും സ്വതന്ത്രരായി ജനിക്കുകയും പദവിയിലും അവകാശങ്ങളിലും തുല്യത പുലർത്തുകയും ചെയ്യുന്നു" സാർവ്വദേശീയ മനുഷ്യാവകാശപ്രഖ്യാപനത്തിന്റെ ആമുഖ വാചകം ഈ പ്രഖ്യാപനത്തിലെ അവകാശങ്ങളോടു നീതി പുലർത്തിയിട്ടുണ്ടോ എന്നു പരിശോധിക്കുക? 2 സ്കോർ

---

23. കുട്ടികളുടെ അവകാശങ്ങളെ കുറിച്ച് ലഘുകുറിപ്പു തയാറാക്കുക? 2 സ്കോർ

---

24. ഗാർഹിക പീഢന നിരോധന നിയമത്തിന്റെ പശ്ചാത്തലത്തിൽ സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ച് കുറിപ്പു തയാറാക്കുക? 4 സ്കോർ

---